പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1177

02-05-2017 ൽ മറുപടിക്ക്

## കർഷകസേവന കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ.സി.കൃഷ്ണൻ
ശ്രീ. കെ.ഡി. പ്രസേനൻ
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. സി.കെ. ശശീന്ദ്രൻ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്ത് കാർഷിക മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത്തരം കേന്ദ്രങ്ങൾ വഴി കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന ആവിഷ്കൃത പദ്ധതിയായ അഗ്രോ സർവ്വീസ് & സർവ്വീസ് ഡെലിവറി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 64 ബ്ലോക്കുകളിൽ കാർഷിക സേവന കേന്ദ്രങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2016-17 ൽ അനുവദിച്ച 20 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കേന്ദ്രങ്ങൾ വഴി യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുക, കർഷകർക്ക് കാർഷിക യന്ത്രങ്ങളുടേയും, കർഷക തൊഴിലാളികളുടേയും ലഭ്യതയും സേവനവും ഉറപ്പുവരുത്തി തരിശ് ഭൂമി കൃഷിയോഗ്യമാക്കുക, കർഷകർക്ക് ആവശ്യമായ മറ്റ് കാർഷിക സേവനങ്ങൾ, ജൈവ ഉൽപാദനോപാധികൾ (തൈകൾ,ജൈവവളം/കീടനാശിനി മുതലായവ) ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്നിങ്ങനെയുള്ള സേവനങ്ങൾ ലഭ്യമാക്കിവരുന്നു. |
| ബി) കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | കൃഷി ഡയറക്ടറേറ്റിലെ മോണിറ്ററിംഗ് & ഇവാലുവേഷൻ വിഭാഗം, 2013-14 ൽ ആരംഭിച്ച 35 അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളുടെ ലക്ഷ്യം, ഘടന, പ്രവർത്തനം, നല്കുന്ന സേവനങ്ങൾ, യന്ത്രവൽക്കരണം, നടപ്പിലാക്കിയ |

| | | |
|---|---|---|
| | | തുടർ കാർഷിക പ്രവർത്തനങ്ങൾ, പ്രശ്നങ്ങൾ, സാധ്യതകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>2014-15, 2015-16 എന്നീ വർഷങ്ങളിൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) നെക്കൊണ്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും, പ്രവർത്തനം കൂടുതൽ കർഷകർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി സേവനകേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ആശ (ASHA- Automation System for Agro Services and Hiring Centre Activities) എന്ന പേരിൽ വെബ് അധിഷ്ഠിത ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി ഈ സേവന കേന്ദ്രങ്ങളിലെ വിദഗ്ദ തൊഴിലാളികളുടെ സേവനം വീട്ടിലിരുന്ന് ഓൺലൈൻ വഴി ലഭ്യമാകുന്നതാണ്. ഇവ കൂടാതെ 2017-18 വർഷം ഒരു അപ്പെക്സ് ബോഡി രൂപീകരിച്ച് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ